# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 89** **30.06.2015-ലെ മറുപടിക്ക്**

## സ്വകാര്യ-സ്വാശ്രയ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.ടി.വി.രാജേഷ്<br>ഡോ.കെ.ടി.ജലീൽ | (ശ്രീ. വി.എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്, 2015-16 വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജുകളും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റു സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) സംസ്ഥാനത്തെ 14 സ്വകാര്യ-സ്വാശ്രയ കോളേജുകളെ പ്രവേശന പരീക്ഷാ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത് പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ; | (ബി) അല്ല. 2014-15 അദ്ധ്യയന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളുടെ പട്ടികയാണ് 2015-ലെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) കഴിഞ്ഞ അക്കാദമിക് വർഷം ഏകപക്ഷീയമായി പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കോളേജുകളുടെ സമ്മതത്തോടെയാണോ; എങ്കിൽ പ്രസ്തുത കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നത് ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണോ; | (സി) & (ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ 2014-2015 അക്കാദമിക് വർഷം അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളെയാണ് 2015 വർഷത്തെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് ? | |

സെക്ഷൻ ഓഫീസർ